# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 577 — 26.04.2017-ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പ എഴുതിത്തള്ളുന്നതിനുള്ള പദ്ധതികൾ

| | ചോദ്യം<br>ശ്രീ. സി.കെ. ഹരീന്ദ്രൻ | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുള്ളയാൾ മരിച്ചുപോയാൽ ആ വായ്പ എഴുതിത്തള്ളുന്നതിനുള്ള ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (എ) | വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്നും കാർഷിക/ കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ള) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ, മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷംരൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാദ്ധ്യതയിൽ നിന്ന് വ്യവസ്ഥകൾക്ക് വിധേയമായി അവരെ ഒഴിവാക്കാവുന്ന കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതി എന്ന പേരിൽ പദ്ധതി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ